"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭയിൽ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതികാനുമതി നൽകുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി നഗരസഭയെ സഹായിക്കുന്നതിനും ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1520/2019/LSGD തീയതി,തിരുവനന്തപുരം, 19/07/2019

---

പരാമർശം:- 1 11.07.2019ലെ സ.ഉ(സാധാ) നം. 1453/2019/തസ്വഭവ

2 പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ 14.5.19 ലെ കത്ത്

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ 15.05.2019 ലെ LM/EW/3785/LIFE Apartment-Perinthalmanna/2018 നമ്പർ കത്ത്

### ഉത്തരവ്

പെരിന്തൽമണ്ണ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.87 ഏക്കർ സ്ഥലത്ത് ഭൂരഹിത ഭവന രഹിതരായ 396 പേർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി 20 കോടി രൂപയുടെ എസ്റ്റിമേറ്റിന് പരാമർശം 1ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. ഭവന സമുച്ചയം നിർമ്മിയ്ക്കുന്നതിനുള്ള നഗരസഭയുടെ പദ്ധതിക്ക് നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായ നടപടികൾ വളരെയധികം കാലതാമസമുണ്ടാക്കുമെന്ന പെരിന്തൽമണ്ണ മുൻസിപ്പാലിറ്റി പരാമർശം (2 )ലെ ആവശ്യം പരിഗണിച്ചും, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം (3)കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിലും പെരിന്തൽമണ്ണ നഗരസഭയിൽ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന മേൽ ഭവന സമുച്ചയ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതികാനുമതി നൽകുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി നഗരസഭയെ സഹായിക്കുന്നതിനും ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്
3. ശ്രീ. എം. ശങ്കരൻകുട്ടി (റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ), ശിശിരം, പാതാക്കര പി.ഒ, പെരിന്തൽമണ്ണ

4. ശ്രീ. അലി കുന്നത്ത്, (റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യൂഡി(ഇലക്ട്രിക്കൽ), വാവൂർ, ചീക്കോട് പി.ഓ, മലപ്പുറം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ/ സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ, മലപ്പുറം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക്
ശ്രീ. എം. ശങ്കരൻകുട്ടി (റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ), ശിശിരം, പാതാക്കര പിഓ, പെരിന്തൽമണ്ണ
ശ്രീ. അലി കുന്നത്ത്, (റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യൂഡി(ഇലക്ട്രിക്കൽ), വാവൂർ, ചീക്കോട് പി.ഓ, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്